'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ഇടുക്കി ജില്ലയിലെ കാന്തല്ലൂർ ഗ്രാമപഞ്ചായത്തിലെ യു.ഡി. ക്ലാർക്കായിരുന്ന ശ്രീ. പി.കെ. സതീഷ് കുമാറിനെതിരായ അച്ചടക്ക നടപടി - 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള ഔപചാരിക അന്വേഷണത്തിന് അടിമാലി പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിലെ സീനിയർ സൂപ്രണ്ടിനെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.228/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 28/01/2020

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ ഡയറക്ടറുടെ 06.02.2013-ലെ ഇ6 (വിഇ2/10/ഐടികെ)10204/2010 നമ്പർ കത്ത്

2 സർക്കാരിന്റെ 12.08.2013-ലെ 34082/ഇപിബി2/2013/തസ്വഭവ നമ്പർ കുറ്റപത്രം

3 ശ്രീ. പി.കെ. സതീഷ് കുമാർ സമർപ്പിച്ച 07.12.2013-ലെ പ്രതിവാദ പത്രിക

4 പഞ്ചായത്ത് ഡയറക്ടറുടെ 03.01.2019-ലെ ഡി8-48321/07 നമ്പർ കത്ത്

<u>ഉത്തരവ്</u>

കാന്തല്ലൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി കുടുംബശ്രീ സി.ഡി.എസ്.ന്റെ കീഴിൽ സൂപ്പർ മാർക്കറ്റ് ആരംഭിക്കുന്നതിന് തീരുമാനിക്കുകയും 2002-03 ലെ പ്ലാൻ ഫണ്ടിൽ നിന്നും 3,80,000/- രൂപ അനുവദിക്കുകയും ചെയ്തു. 18.11.2002-ൽ ജില്ലാ പ്ലാനിങ് കമ്മിറ്റിയുടെ അംഗീകാരം നേടി. പ്രവർത്തന മൂലധനം സ്വരൂപിക്കുന്നതിനായി കാന്തല്ലൂർ യൂണിയൻ ബാങ്കിൽ നിന്നും 6 ലക്ഷം രൂപ വായ്പ എടുക്കുന്നതിനും 4000/- രൂപവീതം ഓരോ കുടുംബശ്രീ യൂണിറ്റ് നിക്ഷേപിക്കുന്നതിനും തീരുമാനിച്ചു. 08.03.2004-ൽ സൂപ്പർ മാർക്കറ്റ് പ്രവർത്തനം ആരംഭിച്ചു. സി.ഡി.എസ്. മെമ്പർ സെക്രട്ടറിയായിരുന്ന ശ്രീ. കെ.കെ. ഐസക്കായിരുന്നു സി.ഡി.എസ്.ന്റെ ഇക്കാലയളവിലെ ചാർജ് ഓഫീസർ. സൂപ്പർ മാർക്കറ്റിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി പഞ്ചായത്ത് ഫണ്ടിൽ നിന്നും 1,83,686/- രൂപ വിനിയോഗിച്ചു. എന്നാൽ 28.03.2003-ലെ ചെക്ക് നമ്പർ 853818 പ്രകാരം പിൻവലിച്ച 30000/- രൂപ കണക്കിൽപ്പെടുത്തിയിട്ടില്ല. ടി തുക ശ്രീ. കെ.കെ. ഐസക് ക്രമക്കേട് നടത്തിയതായി കണ്ടെത്തി. ഈ സി.ഡി.എസ് യൂണിറ്റ് 242672/- രൂപ മൂലധനമായി അഡ്വാൻസ് ചെയ്തിരുന്നു. ശ്രീ. കെ.കെ. ഐസക് (SO2) ആയിരുന്നു സൂപ്പർ മാർക്കറ്റിന്റെ സെക്രട്ടറി. 10/04 ടിയാൻ ട്രാൻസ്ഫർ ആകുകയും 15.11.2005-ൽ മരണപ്പെടുകയും ചെയ്തു. തുടർന്ന് 2005 ജനുവരിയിൽ പഞ്ചായത്ത് കമ്മിറ്റി കാന്തല്ലൂർ ഗ്രാമപഞ്ചായത്തിലെ യു.ഡി.ക്ലാർക്കായിരുന്ന ശ്രീ. പി.കെ.സതീഷ്കുമാറിനെ (SO 01) മെമ്പർ സെക്രട്ടറിയായി നിയമിച്ചു. സൂപ്പർ മാർക്കറ്റിന്റെ കണക്കുകൾ ശ്രീ. കെ.കെ.ഐസക് ശ്രീ. പി.കെ.സതീഷ്കുമാറിന് കൈമാറിയിട്ടില്ല. ടിയാൻ പുതിയ ക്യാഷ് ബുക്കിൽ ഇടപാടുകൾ നടത്തി. എന്നാൽ ടിയാൻ സ്റ്റോക്ക് ബാലൻസ് എടുക്കാതെയാണ് ചാർജ് എടുത്തത്. ഈ കെടുകാര്യസ്ഥത മൂലം പ്രായോഗിക തലത്തിൽ ഇത് 2011 ജനുവരിയോടെ ക്ലോസ് ചെയ്യുകയായിരുന്നു. സൂപ്പർ മാർക്കറ്റിന്റെ മൂലധനത്തിനായി നിക്ഷേപിക്കപ്പെട്ട തുക സംബന്ധിച്ച കണക്കുകൾ നഷ്ടപ്പെട്ടു. യൂണിയൻ

ബാങ്ക് ഓഫ് ഇന്ത്യയുടെ കാന്തല്ലൂർ ശാഖയിൽ 478803/- രൂപ കടിശ്ശികയായി സി.ഡി.എസ്. വരിസംഖ്യയായി പിരിച്ചെടുത്ത 2,42,672/- രൂപയും ദുർവിനിയോഗം ചെയ്തതായി കണ്ടെത്തി.

മേൽ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് വകുപ്പ് ശുപാർശ ചെയ്ത പ്രകാരം മുൻ യു.ഡി.ക്ലാർക്ക് ശ്രീ. പി.കെ.സതീഷ് കുമാറിന് പരാമർശം (2) പ്രകാരം കഠിന ശിക്ഷക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിക്കുകയും 4,78,803/- രൂപ ടിയാനിൽ നിന്ന് ഈടാക്കുന്നതിന് നടപടി സ്വീകരിക്കാൻ പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെടുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുക ഈടാക്കി വരുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കുറ്റപത്രത്തിന് ശ്രീ. പി.കെ. സതീഷ് കുമാർ പരാമർശം ( 3 ) പ്രകാരം സമർപ്പിച്ച പ്രതിവാദപത്രികയിൽ താൻ 12.01.1998 മുതൽ 01.03.2008 വരെ കാന്തല്ലൂർ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തിട്ടുള്ളതാണെന്നും വാർഷിക പദ്ധതി രൂപീകരണം, സാമൂഹ്യ സുരക്ഷാ പെൻഷൻ, ജീവനകാര്യം, അക്കൗണ്ട്സ് ഉൾപ്പെടെയുള്ള ഭാരിച്ച ജോലിയുള്ള സെക്ഷന്റെ ചുമതല തനിക്കായിരുന്നുവെന്നും ജീവനക്കാരുടെ അഭാവം മൂലം പഞ്ചായത്തിനുണ്ടാകുന്ന വിഷമതകൾ ചൂണ്ടിക്കാണിക്കുകയാൽ ഭരണസമിതിയുടെ അഭ്യർത്ഥന മാനിച്ച് 10 വർഷകാലം അവിടെ ജോലി ചെയ്തിട്ടുണ്ടെന്നും മാനേജർ ആയ ശ്രീമതി. സുജാത പി.ബി. യുടെ പൂർണ ഉത്തരവാദിത്തത്തിലാണ് സ്ഥാപനത്തിലെ സ്റ്റോക്ക്, വിറ്റുവരവ്, ബാങ്കിലെ അടവുകൾ എന്നിവ നിർവഹിച്ചിരുന്നതെന്നും സി.ഡി.എസ്. പ്രസിഡന്റ്, ചാർജ് ഓഫീസർ എന്നിവരുടെ സംയുക്ത അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുകയുടെ ചിലവുകൾക്ക് ചെക്ക് മുഖാന്തിരം തുക പിൻവലിച്ച് നടപടി എടുക്കുകയുമായിരുന്നു ചെയ്തു വന്നിരുന്നതെന്നും 2005 ജനുവരിയിൽ സി.ഡി.എസ്. ന്റെ മെമ്പർ സെക്രട്ടറിയുടെ ചുമതല അധികമായി ഏറ്റെടുക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി നിർദേശിച്ചത് പ്രകാരം 23.01.2005-ൽ ചുമതല ഏറ്റെടുത്തിട്ടുള്ളതാണെന്നും സൂപ്പർ മാർക്കറ്റിന്റെയും സി.ഡി.എസ്. ന്റെയും വരവ് ചെലവ് കണക്കുകളുടെ വ്യക്തമായ രേഖകളോ ക്യാഷ് ബുക്കോ മറ്റ് വൗച്ചറുകളോ ഒന്നും മെമ്പർ സെക്രട്ടറിയായിരുന്ന വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ. കെ.കെ. ഐസക്ക് തനിക്ക് കൈമാറി തരുകയോ യഥാവിധി വസ്തുതകൾ ബോധ്യപെടുത്തുകയോ ചെയ്തിരുന്നില്ലായെന്നും ഇതുമൂലം ചുമതല ഏൽക്കാൻ വിസമ്മതിച്ചതിന് തന്നെ പ്രസിഡന്റ്, സി.ഡി.എസ് പ്രസിഡന്റ് എന്നിവർ നിർബന്ധിച്ച് ചുമതല ഏൽപ്പിക്കുകയായിരുന്നുവെന്നും ചുമതല ഏറ്റെടുത്തതിന് ശേഷവും യഥാവിധി ചുമതല കൈമാറി തരുന്നതിനും ക്യാഷ് ബുക്ക് ഉൾപ്പെടെയുള്ള രേഖകൾ പൂർണമാക്കി നൽകാനും ശ്രീ. ഐസക്കിനോട് ആവശ്യപ്പെട്ടുവെങ്കിലും ടിയാൻ നൽ കിയില്ലെന്നും 2005-ൽ ടിയാൻ മരണപെട്ടുവെന്നും ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ കണക്കുകൾ താൻ ചിട്ടപ്പെടുത്തിയിട്ടുണ്ടെന്നും ഏതെങ്കിലും വിധത്തിൽ പൊതുഫണ്ട് ദുർവിനിയോഗം ചെയ്യുകയോ തിരിമറി നടത്തിയതായി വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയിട്ടില്ലാത്തതാണെന്നും സൂപ്പർ മാർക്കറ്റിന്റെ ആരംഭത്തിൽ കൃത്യമായ പഠനം നടത്താതെ വാങ്ങിയിട്ടുള്ള ഉൽപ്പന്നങ്ങൾ കെട്ടികിടക്കുക മൂലമാണ് നഷ്ടം സംഭവിച്ചിട്ടുള്ളതെന്നും കൂടാതെ തുടക്കത്തിൽ പണമിടപാടിൽ വരുത്തിയിട്ടുള്ള വീഴ്ചകൾക്കും ഉത്തരവാദികളായവരുടെ പേരിൽ നടപടിയില്ലാതിരിക്കെ തന്റേതല്ലാത്ത കാരണങ്ങളാൽ വന്നിട്ടുള്ള നഷ്ടം തന്നിൽ നിന്ന് ഈടാക്കുന്നതിന് ന്യായമില്ലാത്തതാണെന്നും സമർപ്പിച്ചിട്ടുണ്ട്. കൂടാതെ വിജിലൻസിന്റെ നിരീക്ഷണങ്ങൾ പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് ബഹു. ആഭ്യന്തര മന്ത്രിക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ആയതിന്മേൽ പുനരന്വേഷണം നടന്ന് വരികയാണെന്നും ആയതിനാൽ തന്റെ പേരിലുള്ള നടപടികൾ നിർത്തിവെക്കണമെന്നും ടിയാൻ അഭ്യർത്ഥിക്കുകയുണ്ടായി. കുറ്റപത്രത്തിന് ശ്രീ. പി.കെ. സതീഷ് കുമാർ സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം പ്രതിവാദ പത്രിക സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. പി.കെ. സതീഷ് കുമാറിന് കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകിയതിനാലും കുറ്റപത്രത്തിലെ ആരോപണങ്ങളെല്ലാം ടിയാൻ നിഷേധിച്ചിട്ടുള്ളതിനാലും ടിയാനെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ കാന്തല്ലൂർ ഗ്രാമപഞ്ചായത്തിലെ യു.ഡി. ക്ലാർക്കായിരുന്ന ശ്രീ. പി.കെ. സതീഷ് കുമാറിനെതിരായ ആരോപണങ്ങളിന്മേൽ, 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള ഔപചാരിക അന്വേണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി അടിമാലി പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിലെ സീനിയർ സൂപ്രണ്ടിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. സീനിയർ സൂപ്രണ്ട്, പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ്, അടിമാലി

   (പരാമർശം (1 മുതൽ 3 വരെയുള്ളവയുടെ പകർപ്പുകൾ സഹിതം)

2. ശ്രീ. പി.കെ. സതീഷ് കുമാർ, മുൻ യു.ഡി. ക്ലാർക്ക്, കാന്തല്ലൂർ ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ

5. പ്രസിഡന്റ്/സെക്രട്ടറി, കാന്തല്ലൂർ ഗ്രാമപഞ്ചായത്ത്

6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്

8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/233/2019/തസ്വഭവ)

File No.LSGD-EPB2/233/2019-LSGD

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ